
2

# മാനത്തിന്റെ മടിത്തട്ടിൽ




ജീവജാലങ്ങൾക്ക് ഏറ്റവും വിലപ്പെട്ടത് സ്വാതന്ത്ര്യമാണെന്ന സന്ദേശം നൽകി ജീവിസ്നേഹം മനുഷ്യസ്നേഹം പോലെ തന്നെ ഉദാത്തമാണെന്ന് വിളംബരം ചെയ്യുന്ന യൂണിറ്റാണിത്. സി. റഹിം രചിച്ച 'വീട്ടുവളപ്പിലെ പക്ഷികൾ' എന്ന പുസ്തകത്തിലെ 'തുറന്നുവിട്ട തത്ത' എന്ന അനുഭവവിവരണവും വൈലോപ്പിള്ളി ശ്രീധരമേനോന്റെ കുട്ടികളും പക്ഷികളും എന്ന കവിതയുമാണ് യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സസ്യജാലങ്ങളോടും ജീവജാലങ്ങളോടും കുട്ടികൾക്കുള്ള സ്നേഹവും പ്രതിപത്തിയും വർധിപ്പിക്കുവാൻ സഹായകമാണ് യൂണിറ്റിലെ ഉള്ളടക്കം. പക്ഷികളെക്കുറിച്ച് കൂടുതൽ അറിയാനും വിവരങ്ങൾ ശേഖരിക്കാനും അവയുടെ സഹജമായ സ്വാതന്ത്ര്യബോധത്തെ അംഗീകരിക്കാനും കുട്ടികളെ ഈ യൂണിറ്റ് സഹായിക്കും.

## യൂണിറ്റ് വിശകലനം

## 2. മാനത്തിന്റെ മടിത്തട്ടിൽ

| ആശയങ്ങൾ/ ധാരണകൾ | പ്രവർത്തനങ്ങൾ | വ്യവഹാരരൂപങ്ങൾ | ഭാഷാവസ്തുതകൾ | പ്രകടിതരൂപങ്ങൾ | മൂല്യനിർണയം |
|---|---|---|---|---|---|
| • സ്വാതന്ത്ര്യവും ആത്മാഭിമാനവും ഓരോ ജീവിയുടെയും അവകാശമാണ്.<br>• എല്ലാ ജീവികളും സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്നു.<br>• ഒരേ ആശയം വ്യത്യസ്ത രൂപത്തിൽ ആവിഷ്കരിച്ച ധാരാളം രചനകളുണ്ട്.<br>• നമുക്ക് ചുറ്റും വ്യത്യസ്ത ഇനം പക്ഷികളുണ്ട്.<br>• പക്ഷികൾ കഥാപാത്രങ്ങളായി ധാരാളം രചനകളുണ്ട്. | • ചിത്രവായന<br>• ശ്രാവ്യവായന<br>• കവിതാലാപനം<br>• കുറിപ്പുകൾ തയാറാക്കൽ<br>• സംഭാഷണം രചിക്കൽ<br>• ചോദ്യനിർമാണം<br>• വിവരണം തയാറാക്കൽ<br>• കാവ്യഭംഗി കണ്ടെത്തൽ<br>• വ്യവഹാര രൂപം മാറ്റിയെഴുതൽ | • കഥ<br>• കവിത<br>• സംഭാഷണം<br>• കുറിപ്പ്<br>• വിവരണം | • ചോദ്യചിഹ്നം<br>• ഭാഷയിലെ പ്രാദേശിക ഭേദങ്ങൾ<br>• കുറിപ്പ്<br>• സർവ്വനാമം | • കഥപറയൽ<br>• കവിതാലാപനം | • വിവരണം തയാറാക്കിയത്.<br>• പക്ഷികളെക്കുറിച്ചുള്ള വിവരങ്ങൾ ചേർത്ത പതിപ്പ്<br>• പക്ഷികളെക്കുറിച്ചുള്ള ചൊല്ലുകൾ, ശൈലികൾ, കഥകൾ എന്നിവ ശേഖരിക്കൽ |

### പഠനനേട്ടങ്ങൾ

- പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി സന്ദർഭാനുസരണം സംസാരിക്കുന്നു.
- വായിച്ചറിഞ്ഞ ആശയങ്ങൾ വാചിക രൂപത്തിൽ പ്രകടിപ്പിക്കുന്നു.
- ലഘുവിവരണം, വർണന എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു.
- പാഠഭാഗത്തെ രചനകളെ വ്യവഹാരരൂപത്തിനിണങ്ങിയ ഒഴുക്ക്, ശബ്ദവ്യതിയാനം, ഉച്ചാരണശുദ്ധി എന്നിവയോടെ വായിക്കുന്നു.
- കവിതകൾ കേട്ട് ആസ്വദിക്കുകയും ആശയമുൾക്കൊണ്ടുകൊണ്ട് ഈണം, താളം, ഭാവം എന്നിവയോടെ ചൊല്ലി അവതരിപ്പിക്കുകയും ചെയ്യുന്നു.
- സർഗാത്മക രചനകളിൽ ഏർപ്പെടുകയും തന്റെയും കൂട്ടുകാരുടെയും രചനകൾ ഉൾപ്പെടുത്തി പതിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു.
- രചനകളിൽ ചിഹ്നം (പൂർണ്ണവിരാമം, ചോദ്യചിഹ്നം, ആശ്ചര്യചിഹ്നം തുടങ്ങിയവ) തിരിച്ചറിയുകയും സ്വന്തം രചനകളിൽ ഉചിതമായി ഉൾപ്പെടുത്തുകയും ചെയ്യുന്നു.
- ലഘുകവിതകൾ താളത്തിലും ഈണത്തിലും ചൊല്ലുന്നു. സമാന താളത്തിൽ ചൊല്ലാവുന്ന വരികൾ രൂപപ്പെടുത്തുന്നു.
- സ്വന്തം വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

# തുറന്നുവിട്ടു തത്ത

കേരളത്തിലെ അറിയപ്പെടുന്ന പക്ഷിനിരീക്ഷകനായ സി.റഹിം രചിച്ച 'വീട്ടു വളപ്പിലെ പക്ഷികൾ' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ് പാഠഭാഗം. തത്തയെ കൂട്ടിലടച്ച് വളർത്തി സംസാരിപ്പിക്കുവാൻ കുട്ടിക്കാലത്ത് അദ്ദേഹത്തിനുണ്ടായ ആഗ്രഹവും കൂട് തുറന്ന് സ്വാതന്ത്ര്യത്തിലേക്ക് പറന്നുപോയ തത്തക്കുഞ്ഞും ഹൃദ്യമായ വായനാനുഭവം നൽകും.

## ■ പാഠാവതരണം

കുട്ടികളുടെ ശ്രദ്ധ പാഠഭാഗത്തേക്ക് തിരിക്കേണ്ടതെങ്ങനെയെന്ന് നിശ്ചയിക്കേണ്ടതുണ്ട്. ഇതിനായി നാം നടത്തുന്ന പാഠാവതരണ പ്രവർത്തനങ്ങളിൽ പരമാവധി വൈവിധ്യം പുലർത്തണം. എല്ലാ യൂണിറ്റുകളുടെയും തുടക്കത്തിൽ നൽകിയിരിക്കുന്ന പ്രവർത്തനം ഇതിൽ ഒരു മാർഗം മാത്രമാണ്. കൂടുതൽ വ്യത്യസ്ത മാർഗങ്ങൾ സ്വീകരിക്കാം. കുട്ടികൾക്ക് ആഹ്ലാദത്തോടും ആകാംക്ഷയോടും പാഠഭാഗം വായിക്കുന്നതിന് ഈ പ്രവർത്തനങ്ങൾ സഹായിക്കണമെന്നു മാത്രം. ചില മാർഗങ്ങൾ.

- പാഠത്തിന്റെ വ്യവഹാരരൂപം, ആശയം എന്നിവയുമായി സമാനതയുള്ള, മുൻപ് പരിചയപ്പെട്ട പാഠങ്ങളുമായി ബന്ധിപ്പിക്കൽ
- പാഠത്തിന്റെ അല്പഭാഗം അവതരിപ്പിക്കുന്നു. ബാക്കിഭാഗം കുട്ടികൾ ഊഹിച്ചു പറയട്ടെ. പറഞ്ഞത് ശരിയാണോ എന്നറിയാൻ വായിക്കൽ.
- പാഠഭാഗത്തിലെ ചിത്രങ്ങളിലെ ആശയം പറയൽ. ചിത്രങ്ങളുടെ ആശയം വ്യക്തമാക്കുന്ന പാഠഭാഗങ്ങൾ കണ്ടെത്തൽ.
- ഒരു വാർത്ത/സംഭവം എന്നിവയുടെ വിവരണവുമായി ബന്ധപ്പെടുത്തൽ
- കുട്ടികൾ മുൻപ് ക്ലാസിൽ പങ്കുവച്ച അനുഭവങ്ങളെ ഉപയോഗപ്പെടുത്തൽ
- ഒരു പ്രശ്നവുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കൽ.

## ■ പാഠത്തിലേക്ക്

യൂണിറ്റിന്റെ ആമുഖമായി നൽകിയിരിക്കുന്ന ചിത്രത്തിന്റെ വിശകലനത്തിന് കുട്ടികൾക്ക് അവസരം നൽകൽ. ഇതിനായി ചോദ്യങ്ങൾ ഉന്നയിക്കണം.

ഉദാ:

- ഏതൊക്കെ പക്ഷികളെയാണ് ചിത്രത്തിൽ കാണുന്നത്?
- ഇവയിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ടതേത്?
- മറ്റേതെല്ലാം കിളികളുടെ പേര് നിങ്ങൾക്കറിയാം?
- വീട്ടിൽ വളർത്തുന്ന പക്ഷികൾ ഏതൊക്കെ?
- എന്തിനാണ് പക്ഷികളെ വീട്ടിൽ വളർത്തുന്നത്?

വീട്ടിൽ പക്ഷികളെ വളർത്തുന്നുണ്ടോ? കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന് അവസരം.

- ഒരു തത്തക്കുഞ്ഞിനെ കിട്ടിയാൽ നിങ്ങൾ എന്ത് ചെയ്യും? അഭിപ്രായങ്ങൾ പങ്കുവയ്ക്കൽ.

ഒരു കുട്ടിക്ക് മരത്തിൽനിന്ന് ഒരു തത്തക്കുഞ്ഞിനെ കിട്ടി. അതിനെ അവൻ വളർത്താൻ തീരുമാനിച്ചു. എന്നിട്ടെന്തായി എന്നറിയണ്ടേ?

പാഠഭാഗം വ്യക്തിഗതമായി വായിക്കുന്നതിന് കുട്ടികൾക്ക് അവസരം.

ചോദ്യത്തിന്റെ ഉത്തരം ഒന്നോ രണ്ടോ കുട്ടികൾ അവതരിപ്പിക്കണം.

**വായന**

*മേൽ വിവരിച്ച പ്രവർത്തനംകൊണ്ട് എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് വായിച്ചുവെന്ന് ഉറപ്പാക്കാൻ കഴിയില്ല. ആശയഗ്രഹണത്തോടെയുള്ള വായന ഉറപ്പു വരുത്താൻ കുട്ടികളുടെ വായനയ്ക്കുശേഷം വ്യത്യസ്തമാർന്ന പ്രവർത്തനങ്ങൾ ക്ലാസിൽ നടക്കണം.*

- *ചോദ്യങ്ങൾ നിർമ്മിക്കൽ*

  *പാഠഭാഗത്തുനിന്ന് ചോദ്യങ്ങൾ ഉണ്ടാക്കുന്നതിനും അവയുടെ ഉത്തരങ്ങൾ കണ്ടെത്തുന്നതിനുമുള്ള അവസരം. വ്യക്തിഗതമായോ ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരമായോ ഈ പ്രവർത്തനം നടത്താം.*

- *പുതിയ തലക്കെട്ട് നൽകൽ*

  *പാഠത്തിന് നിലവിലുള്ള തലക്കെട്ടിനേക്കാൾ യോജിക്കുന്ന തലക്കെട്ടുകൾ പറയൽ*

  *ഓരോന്നും പറയാൻ/കണ്ടെത്താനുള്ള യുക്തി വിശദമാക്കൽ.*

- *കഥാപാത്രത്തെ കണ്ടെത്താം*

  – *പാഠത്തിലെ പ്രസ്താവനകൾ കേൾക്കുമ്പോൾ അത് പറഞ്ഞതാരെന്ന് പറയൽ*

  – *സംഭവങ്ങൾ അവതരിപ്പിക്കുമ്പോൾ അതിൽ പങ്കെടുത്തവർ ആരെല്ലാമെന്ന് കണ്ടെത്തിപ്പറയൽ*

- *ചിത്രം വരയ്ക്കൽ*

  *പാഠഭാഗത്തുള്ള ആശയത്തെ/സംഭവത്തെ/കഥാപാത്രത്തെ അടിസ്ഥാനമാക്കി ചിത്രം വരയ്ക്കൽ*

  *ചിത്രം കണ്ടിട്ട് മറ്റുള്ളവർ പാഠഭാഗം കണ്ടെത്തി വായിക്കൽ*

- *അർഥം പറയാം*

  *അപരിചിത പദങ്ങളുടെ അർഥം പാഠഭാഗത്തിലെ സന്ദർഭത്തിൽനിന്ന് ഊഹിച്ചു പറയുന്നതിന് അവസരം*

- *സന്ദർഭം കണ്ടെത്താം*

  *പാഠത്തിലെ ചില ആശയങ്ങൾ പറയുന്നു. കുട്ടി സന്ദർഭം കണ്ടെത്തുന്നു .ഇത് വ്യക്തമാകുന്നു.*

  *എല്ലാ പാഠങ്ങളിലും ഇവയോരോന്നും ഉപയോഗിക്കേണ്ടതില്ല. പാഠത്തിന്റെ സ്വഭാവം, കുട്ടികളുടെ താൽപര്യം എന്നിവ പരിഗണിച്ച് ആശയഗ്രഹണത്തോടെയുള്ള വായനയ്ക്ക് സഹായകമായ പ്രവർത്തനങ്ങൾ നൽകുമല്ലോ.*

- **ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താം**

  ടെക്സ്റ്റ് ബുക്കിലെ പറയാം എഴുതാം എന്ന പ്രവർത്തനത്തിലെ ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം കണ്ടെത്തട്ടെ. തുടർന്ന് ഉത്തരങ്ങളുടെ പൊതു അവതരണം. എല്ലാ ഗ്രൂപ്പുകളും കണ്ടെത്തിയത് ഒന്നു തന്നെയോ? ഉത്തരങ്ങൾ കൃത്യതപ്പെടുത്തി 'എന്റെ ഭാഷാപുസ്തക'ത്തിലേക്ക് മാറ്റൽ.

- **ഉത്തരങ്ങൾ പങ്കുവയ്ക്കൽ**

  പാഠഭാഗത്തുനിന്ന് കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തി നൽകാൻ അധ്യാപിക ശ്രദ്ധിക്കണം. പാഠഭാഗം വിശകലനം ചെയ്ത് ഉത്തരമെഴുതാൻ സഹായകമായ ചോദ്യങ്ങൾ പാഠാസൂത്രണവേളയിൽ കണ്ടെത്താൻ ശ്രമിക്കുമല്ലോ.

- **ഊഹിച്ചെഴുതാം**

  തത്തക്കുഞ്ഞ് കൂട്ടിൽനിന്ന് രക്ഷപ്പെട്ടത് അമ്മ പറഞ്ഞതുപോലെയായിരിക്കുമോ? അല്ലെങ്കിൽ പിന്നെ എങ്ങനെയാണ് രക്ഷപെട്ടത്? വ്യക്തിഗതമായി കുട്ടികൾ എഴുതട്ടെ. തയാറാക്കിയത് മൂന്നോ നാലോ പേരുള്ള ഗ്രൂപ്പിൽ അവതരിപ്പിക്കണം. തുടർന്ന് ആശയം സമാഹരിച്ച് തത്തക്കുഞ്ഞ് രക്ഷപ്പെട്ടത് ഏറ്റവും നന്നായി വിവരിച്ച് ഗ്രൂപ്പിന്റെ രചന. ഗ്രൂപ്പംഗങ്ങളുടെ രചനകളിലെ ഉപയോഗപ്പെടുത്താവുന്ന വാകൃങ്ങൾ, സംഭവങ്ങൾ ചർച്ചചെയ്ത് മെച്ചപ്പെടുത്തി ഉൾപ്പെടുത്തുന്നുവെന്ന് ടീച്ചർ ഉറപ്പാക്കണം.

  ഗ്രൂപ്പുകൾക്ക് രചനകൾ അവതരിപ്പിക്കാൻ അവസരം.

  ഒരു ഗ്രൂപ്പിന്റെ രചന ചാർട്ടിൽ/ ബോർഡിൽ പ്രദർശിപ്പിക്കുന്നു.

  ചില ചോദ്യങ്ങൾ ഉന്നയിച്ച് എഡിറ്റിംഗ് നടത്താം.

  - ഈ കുറിപ്പിൽ ഇനിയെന്തെങ്കിലും മാറ്റം വരുത്തണോ?
  - ആശയപരമായ പ്രശ്നങ്ങളുണ്ടോ?
  - വാക്യഘടനയിൽ തിരുത്തൽ ആവശ്യമുണ്ടോ?
  - അക്ഷരങ്ങൾ, ചിഹ്നങ്ങൾ എല്ലാം ശരിയാണോ?
  - ആവർത്തിക്കുന്ന വാക്കുകൾ, ആവശ്യമില്ലാത്ത വാക്കുകൾ എന്നിവയുണ്ടോ?

- എല്ലാ ഗ്രൂപ്പുകളും തങ്ങളുടെ രചനകൾ മെച്ചപ്പെടുത്തൽ- തുടർന്ന് - വ്യക്തിഗത രചന മെച്ചപ്പെടുത്തി 'ഭാഷാപുസ്തക'ത്തിൽ എഴുതൽ.

### ■ സംഭാഷണമെഴുതാം

തത്തക്കൂട്ടിൽ കിടക്കുന്ന കുഞ്ഞിന് തീറ്റയുമായി എത്തിയ അച്ഛൻതത്തയും അമ്മ ത്തത്തയും കുഞ്ഞുമായി നടത്താൻ ഇടയുള്ള സംഭാഷണം തയാറാക്കലാണ് പ്രവർത്ത നം. കുട്ടികൾ വ്യക്തിഗതമായി പ്രവർത്തനം പൂർത്തീകരിക്കട്ടെ.

- സംഭാഷണങ്ങളുടെ തുടർച്ച
- സന്ദർഭത്തിലെ ആശയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള രചന
- അനുയോജ്യമായ തുടക്കവും ഒടുക്കവും

മേൽ സൂചകങ്ങളെ അടിസ്ഥാനമാക്കി കുട്ടികളുടെ രചനകളെ പരിശോധിക്കണം.

പാഠപുസ്തകത്തിലെ ഭാഗം പൂരിപ്പിക്കലായി സംഭാഷണ രചന ചുരുക്കരുത്. 'എന്റെ ഭാഷാപുസ്തക'ത്തിൽ വിശദമായി എഴുതാനുള്ള അവസരമാണ് നൽകേണ്ടത്. വിശ ദമായി എഴുതിയ സംഭാഷണത്തെ അടിസ്ഥാനമാക്കി കുട്ടികൾക്ക് അവതരണത്തി നുള്ള അവസരം ഒരുക്കണം.

കുട്ടികളുടെ അവതരണത്തിനുശേഷം സംഭാഷണത്തിന്റെ സവിശേഷതകൾ ഉൾക്കൊ ള്ളുന്ന തരത്തിൽ അധ്യാപിക തയാറാക്കിയ സംഭാഷണം അവതരിപ്പിക്കണം. ഈ സംഭാഷണത്തെയും വിലയിരുത്തി കുട്ടികൾ സംസാരിക്കട്ടെ. തുടർന്ന് സ്വന്തം രച നകൾ മെച്ചപ്പെടുത്തി പോർട്ട്ഫോളിയോയിലേക്ക് മാറ്റാൻ നിർദേശിക്കാം.
ക്ലാസിൽ അവതരിപ്പിക്കേണ്ട സംഭാഷണത്തിന്റെ കരട് ടീച്ചർ മുൻകൂട്ടി തയാറാക്ക ണം. സംഭാഷണം പൂർത്തിയാക്കേണ്ടത് ക്ലാസ്മുറിയിൽ കുട്ടികൾ എഴുതിയ സംഭാ ഷണങ്ങൾകൂടി മനസ്സിലാക്കി വേണം. കുട്ടികൾ എഴുതിയതിൽനിന്ന് ടീച്ചറുടെ സംഭാ ഷണം വളരെയധികം വ്യത്യാസപ്പെടാതിരിക്കാൻ ഇത് സഹായിക്കും. കുട്ടികളുടെ ഗ്രൂപ്പ് പ്രവർത്തനം നിരീക്ഷിച്ച് പൊതുവായി വരുത്തുന്ന തെറ്റുകൾ കണ്ടെത്തി അവ പരിഹരിച്ചാവണം ടീച്ചർ സംഭാഷണം തയാറാക്കേണ്ടത്.
അവതരണം ക്ലാസിൽ എങ്ങനെയായിരിക്കും നടത്തുക.

- ഒരാൾ തന്നെ കഥാപാത്രങ്ങളെ തിരിച്ചറിയുന്നവിധത്തിൽ ശബ്ദവ്യതിയാന ത്തോടെ പറയുന്നതാവാം.
- രണ്ടുപേരുള്ള ഗ്രൂപ്പിൽ തയാറാക്കിയ സംഭാഷണങ്ങളെ ഏകീകരിച്ച് കഥാപാത്ര ങ്ങളിലൂടെയുള്ള അവതരണമാകാം.

## സമാനപദങ്ങൾ

'കൂടെക്കൂടെ'

- കൂടെക്കൂടെ തത്തക്കുഞ്ഞിന്റെ അച്ഛനുമമ്മയും കൂടിനുമുകളിൽ പറന്നിറങ്ങി തീറ്റ കൊടുത്തുപോന്നു.
- അമ്മ ഇടയ്ക്കിടയ്ക്ക് പറയുന്നുണ്ടായിരുന്നു.
- പഴം കൊത്തിത്തിന്ന് തത്ത കൂട്ടിൽ ചാടിച്ചാടി നടന്നു....
- ഈ വാക്യങ്ങളിലെല്ലാം അടിവരയിട്ട പദങ്ങൾ പ്രയോഗിക്കുമ്പോൾ ഉണ്ടാവുന്ന ഊന്നൽ തിരിച്ചറിയുന്നതിന് കുട്ടികൾക്ക് കഴിയണം. കൂടുതൽ ഉദാഹരണങ്ങൾ കുട്ടികൾ ഉണ്ടാക്കട്ടെ.

## പക്ഷികൾ നമ്മുടെ കൂട്ടുകാർ

'കദളിവാഴക്കയ്യിലിരുന്ന്
കാക്കയിന്നു വിരുന്നുവിളിച്ചു'

വീടിന്റെ പരിസരത്തിരുന്ന് കാക്ക കരഞ്ഞാൽ വിരുന്നുകാർ വരും എന്ന് പറയാറുണ്ട്. ഇതുപോലെ പക്ഷികളുമായി ബന്ധപ്പെട്ട വ്യത്യസ്തമായ സങ്കല്പങ്ങൾ കുട്ടികൾക്ക് ശേഖരിക്കുവാൻ അവസരം നൽകണം. 'ഭാഷാപുസ്തക'ത്തിൽ ഒരു പേജ് ഇതിനായി നീക്കി വയ്ക്കട്ടെ. ഇപ്പോൾ കണ്ടെത്തുന്നതിന് പുറമേ, പിന്നീട് കണ്ടെത്തുന്നതും അവിടെ എഴുതി ചേർക്കട്ടെ.

- വെള്ളക്കൊറ്റി പറന്നാൽ മഴ പെയ്യും.
- 

## എന്റെ പദശേഖരത്തിലേക്ക്

പാഠഭാഗത്തുനിന്ന് പുതിയ പദങ്ങൾ കണ്ടെത്തി തന്റെ പദശേഖരം വിപുലപ്പെടുത്തട്ടെ. പദങ്ങളുടെ അർഥവും സന്ദർഭത്തിൽനിന്ന് കണ്ടെത്താൻ നിർദേശിക്കുമല്ലോ? കണ്ടെത്തിയ പദങ്ങൾ ഉൾപ്പെടുത്തി 'എന്റെ പദശേഖരം' തയാറാക്കട്ടെ.

## ചോദ്യങ്ങൾ ഉണ്ടാക്കാം

കുട്ടി സ്കൂളിൽനിന്ന് വന്നു. അപ്പോൾ തത്തക്കുഞ്ഞിനെ കണ്ടില്ല. ആ സന്ദർഭത്തിൽ കുട്ടി അമ്മയോട് എന്തെല്ലാം ചോദ്യങ്ങൾ ചോദിച്ചിരിക്കും. ക്ലാസിൽ ചർച്ച ചെയ്യുന്നു.

കുട്ടികൾ ചോദ്യങ്ങൾ കണ്ടെത്തുന്നു - അവതരിപ്പിക്കുന്നു.

ചോദ്യചിഹ്നം പരിചയപ്പെടുത്തുമല്ലോ?

ഒരു ആശയത്തെ/ പ്രസ്താവനയെ അടിസ്ഥാനമാക്കി വ്യത്യസ്തമായ രീതിയിൽ ചോദ്യങ്ങൾ ഉണ്ടാക്കുന്നവിധം പരിചയപ്പെടുത്തണം.

- അമ്മേ, തത്തക്കുഞ്ഞിനെ കണ്ടോ?
- തത്തക്കുഞ്ഞ് എവിടെ?
- തത്തക്കുഞ്ഞ് എവിടെപ്പോയി?
  - കുട്ടി വന്നു - കുട്ടി വന്നോ?
    കുട്ടി വന്നില്ലേ?
  - തത്തക്കുഞ്ഞിനെ കണ്ടു - തത്തക്കുഞ്ഞിനെ കണ്ടോ?
    തത്തക്കുഞ്ഞിനെ കണ്ടില്ലേ?
  -
  -

കൂടുതൽ ഉദാഹരണങ്ങളിൽനിന്ന് ചോദ്യങ്ങൾ ഉണ്ടാക്കുക.

## ■ അടിക്കുറിപ്പെഴുതാം

പാഠപുസ്തകം പേജ് 24 ലെ തുറന്നുകിടക്കുന്ന തത്തക്കൂടിന് മുൻപിൽ നിൽക്കുന്ന കുട്ടിയുടെ ചിത്രത്തിന് അടിക്കുറിപ്പ് എഴുതാൻ കുട്ടികൾക്ക് അവസരം ഒരുക്കാം. വ്യക്തിഗതമായി അടിക്കുറിപ്പുകൾ 'എന്റെ ഭാഷാപുസ്തക'ത്തിൽ എഴുതട്ടെ.
തുടർന്ന് അവതരണം (ഗ്രൂപ്പിൽ)
ഗ്രൂപ്പിൽ വിലയിരുത്തി മികച്ചത് കണ്ടെത്താൻ അടിക്കുറിപ്പിന്റെ സവിശേഷതകൾ ക്ലാസിൽ ചർച്ച ചെയ്യണം. സ്വയം വിലയിരുത്തലിനും മെച്ചപ്പെടലിനും ഇത് സഹായകമാകും.

അടിക്കുറിപ്പ്

- ഹ്രസ്വം
- ലളിതം
- ആശയവുമായുള്ള ബന്ധം
- ആകർഷകം
-

## ■ സംസാരഭാഷയിലെ വ്യത്യസ്ത പ്രയോഗങ്ങൾ

"നീ അതിനെ അങ്ങു വിട്ടേരേ"

- ഈ വാക്യത്തിലൂടെ ഉദ്ദേശിക്കുന്നതെന്തെന്ന് കുട്ടിക്ക് അറിയാം. ഈ വാക്യത്തിലെ ആശയം തന്നെ മറ്റു രീതിയിൽ പറയാൻ കഴിയുമോ?
- നീ അതിനെ അങ്ങു വിടൂ.
- നീ അതിനെ അങ്ങു വിട്ടുകളയൂ.
-

കൂടുതൽ പ്രാദേശികഭേദങ്ങളെ കണ്ടെത്തുക.

## പകരം പ്രയോഗം

'അതിനെ അങ്ങു വിട്ടേര്'-

ഈ വാക്യത്തിൽ 'അത്' എന്നു സൂചിപ്പിക്കുന്നത് ഏതിനെയാണ്? തത്തയെ

താഴെ കൊടുത്ത സന്ദർഭങ്ങൾ ശ്രദ്ധിക്കുക:

- അമ്മ പശുക്കിടാവിനെ അഴിച്ചുവിട്ടു. അത് തള്ളപ്പയ്യിനടുത്തേക്ക് ഓടിപ്പോയി.
- അച്ഛൻ ശു.. ശു.. എന്ന ശബ്ദമുണ്ടാക്കി. ശബ്ദം കേട്ടപ്പോൾ ചേര ഒന്നു നിന്നു. തുടർന്ന് അത് മാളത്തിലേക്ക് കയറിപ്പോയി.
- ഈ സന്ദർഭങ്ങളിലെല്ലാം 'അത്'എന്ന പ്രയോഗം കാണാം.

  ഇതുപോലെ അവൾ, അവൻ, അവർ തുടങ്ങിയ പ്രയോഗങ്ങൾ വരുന്ന സന്ദർഭങ്ങൾ കണ്ടെത്തി പറയുക..

## തത്തക്കുഞ്ഞ് കഥ പറഞ്ഞാൽ

തത്തക്കുഞ്ഞിന്റെ കഥയുമായി ബന്ധപ്പെട്ട സൂചനകൾ ചാർട്ടിൽ /ബി.ബി. യിൽ എഴുതി പ്രദർശിപ്പിക്കാം

- കൊന്നത്തെങ്ങിലെ ആദ്യനാളുകൾ
- അച്ഛനും അമ്മയും
- ഇരുമ്പിൻകൂട്ടിനുള്ളിൽ
- പനയോല
-
- വീണ്ടും തെങ്ങിലേക്ക്

ഇതുപോലെ കഥയിൽ മറ്റെന്തെല്ലാം സംഭവങ്ങൾ നടന്നിട്ടുണ്ടാകും. - ചർച്ച

- കഥ വിശദമായി എഴുതൽ (വ്യക്തിഗതം)
- മികച്ച കഥ ഏത്? എങ്ങനെ കണ്ടെത്താം? കഥാവായന-ഗ്രൂപ്പിൽ കഥ കൈമാറി വായന
- മികച്ചതെന്ന് തോന്നുന്ന രചനകൾ അവതരിപ്പിക്കൽ
- എന്താണ് മികച്ച കഥയുടെ മാനദണ്ഡം?

എന്തുകൊണ്ടാണ് ഇവ മികച്ചതാണെന്ന് പറയുന്നത്? കഥയുടെ മികവുകൾ ചർച്ചചെയ്യൽ.

- കഥയ്ക്ക് നൽകിയ പേര്?
- കഥയിലെ സംഭവങ്ങൾ ക്രമപ്പെടുത്തിയതിലെ മികവ്

- കഥ പറയുന്ന രീതി (തുടക്കവും തുടർച്ചയും ഒടുക്കവും)
- കഥയുടെ ഭാഷ/ ആഖ്യാന രീതി
- കഥയെ മുന്നോട്ടുകൊണ്ടുപോകുന്ന വഴിത്തിരിവുകൾ (ആകാംക്ഷ ജനിപ്പിക്കുന്നത്).

കഥയ്ക്കുണ്ടാകേണ്ട സവിശേഷതകൾ കുട്ടികൾ തിരിച്ചറിയുന്നതിനും കഥ മെച്ചപ്പെടുത്തി എഴുതുന്നതിനും അവസരം നൽകുമല്ലോ?

## കഥാപ്പതിപ്പ്

കുട്ടികളുടെ രചനകൾ ക്ലാസിലെ വായനയ്ക്കും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കഥാപതിപ്പുകൾ നിർമ്മിക്കണം. പതിപ്പ് നിർമ്മാണത്തിനായി കുട്ടികളെ ചുമതലപ്പെടുത്താം.

- പത്രാധിപസമിതി രൂപീകരിക്കൽ
- കഥാപതിപ്പിന് പേര്
- കവർച്ചിത്രം തയാറാക്കൽ
- അധ്യാപിക കഥകൾ വിലയിരുത്തി തയാറാക്കുന്ന ആമുഖം
- കഥകൾക്ക് അനുയോജ്യമായ ചിത്രം ചേർക്കൽ
- മാസികയുടെ രൂപത്തിലാക്കൽ
- പ്രകാശന ചടങ്ങ്

എന്നിവ നടത്തുമല്ലോ?

## കഥകൾ

പക്ഷികളുമായി ബന്ധപ്പെട്ട നിരവധി കഥകൾ പ്രചാരത്തിലുണ്ടല്ലോ. അവ ശേഖരിക്കുന്നതിനും വായിക്കുന്നതിനും കുട്ടികൾക്ക് പ്രേരണ നൽകേണ്ടതുണ്ട്. എസ്.കെ. പൊറ്റക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ' യിൽനിന്ന് എടുത്ത ഒരു ഭാഗം ചുവടെ:

**"ഇട്ടിച്ചിരക്കുട്ട്യേ... പച്ചപ്പയറൊക്കോ..."**

അമ്മയില്ലാത്ത പാവം പെൺകുട്ടിയാണ് കുഞ്ഞിമാളു. അച്ഛൻ രണ്ടാം കല്യാണം കഴിച്ച ഇട്ടിച്ചിരക്കുട്ടി മഹാദുഷ്ടയായിരുന്നു. അവൾ പുരയിലെ സകലപണിയും കുഞ്ഞിമാളുവിനെക്കൊണ്ടു ചെയ്യിക്കും. ദൂരെ പുഴയിൽനിന്ന് വെള്ളം കൊണ്ടുവരണം. കാട്ടിൽ പോയി വിറകു ശേഖരിക്കണം. മുറ്റമടിക്കണം. അടുക്കളയിലെ എല്ലാ പണികളും ചെയ്യണം. ഒരു ചെറിയ കുറ്റം എവിടെയെങ്കിലും കണ്ടാൽ ഇളയമ്മ അവളെ കഠിനമായി ശിക്ഷിക്കും. മുറ്റമടിച്ചേടത്ത് ഒരീർക്കിൽക്കൊടിയോ ഉണക്കിലയോ കണ്ടാൽ ഇട്ടിച്ചിരക്കുട്ടി കുറ്റിച്ചൂലു കൊണ്ട് കുഞ്ഞിമാളുവിന്റെ മുഖത്തു തല്ലും. കൂട്ടാനിൽ ഇത്തിരി ഉപ്പ് ഏറിപ്പോയാൽ കൂട്ടാൻ കലം അങ്ങനെത്തന്നെ അവളുടെ തലയിൽ മറിക്കും.

പുരയിലെ എല്ലാ പണിയും കുഞ്ഞിമാളുവിനെ ഏൽപ്പിച്ച് ഇട്ടിച്ചിരക്കുട്ടി അയൽവീടുകളിൽ പോയി നാട്ടുവർത്തമാനം പറഞ്ഞിരിക്കും.

ഒരു ദിവസം ഉച്ചയ്ക്ക് ഇട്ടിച്ചിരക്കുട്ടി അരനാഴി പച്ചപ്പയർ അളന്ന്, അത് വറുത്തുവയ്ക്കാൻ കുഞ്ഞിമാളുവിനെ ഏൽപ്പിച്ച് അടുത്ത വീട്ടിലേക്കു വർത്തമാനം പറഞ്ഞിരിക്കാൻ പോയി. വൈകുന്നേരമാണ് അവൾ മടങ്ങി വന്നത്. "പയറു വറുത്തുവച്ചോ" എന്ന് കുഞ്ഞിമാളുവിനോടു ചോദിച്ചു. കുഞ്ഞിമാളു പയർ വറുത്തു മുറത്തിൽ വച്ചതു കാട്ടിക്കൊടുത്തു. ഇട്ടിച്ചിരക്കുട്ടി പയർ വീണ്ടും അളന്നു നോക്കി. ഉഴക്കു പയറേയുള്ളൂ. "എടീ ഇതു ഉഴക്കു പയറല്ലേയുള്ളൂ.? ഞാൻ നിനക്ക് അരനാഴിപ്പയർ വറുക്കാൻ തന്നിട്ടല്ലേ കള്ളീ പോയത്? പകുതി നീ തിന്നു അല്ലേ?" എന്ന് പറഞ്ഞുകൊണ്ട് ഇട്ടിച്ചിരക്കുട്ടി കുഞ്ഞിമാളുവിന്റെ തലയ്ക്ക് അമ്മിക്കുട്ടികൊണ്ട് ഒരടി വച്ചു കൊടുത്തു. കുഞ്ഞിമാളു തലയോടു പൊട്ടിത്തകർന്നു മരിച്ചു...

മരിച്ച കുഞ്ഞിമാളു ഒരു കിളിയായി ജനിച്ചു. ഒരു ദിവസം ഇട്ടിച്ചിരക്കുട്ടി അരനാഴി പയറെടുത്തു വറുത്തു. വറുത്തു വച്ചപ്പോൾ കുറവു തോന്നി. അളന്നു നോക്കി. ഉഴക്കു പയർ! കിളിയായിത്തീർന്ന കുഞ്ഞിമാളു അപ്പോൾ മുറ്റത്തെ മാവിൽ വന്നിരുന്ന് ഇങ്ങനെ പാടി.

"ഇട്ടിച്ചിരക്കുട്ട്യേ, പച്ചപ്പയറൊത്തോ-
ഒത്തോ, ഒത്തോ.....?

കുട്ടികൾ ശേഖരിക്കുന്ന കഥകൾ ക്ലാസിൽ അവതരിപ്പിക്കുന്നതിന് അവസരമൊരുക്കണം. കുട്ടികളുടെ കഥാവതരണത്തെ മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന സൂചകങ്ങൾ ഉപയോഗിക്കുമല്ലോ.

**കഥ അവതരിപ്പിക്കുമ്പോൾ**

- *കഥാപാത്രങ്ങളുടെ ഭാവം ഉൾക്കൊണ്ടുള്ള അവതരണം*
- *വികാരങ്ങൾക്കനുസരിച്ചുള്ള ശബ്ദക്രമീകരണം.*
- *ഉചിതമായ അംഗവിക്ഷേപങ്ങൾ.*
- *അനുയോജ്യമായ ശരീരഭാഷ.*

## ■ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങൾ

- കുട്ടികൾക്കിഷ്ടപ്പെട്ട പക്ഷിയും പക്ഷിക്കുഞ്ഞും ഉൾപ്പെട്ട പ്രകൃതി ദൃശ്യം ചിത്രീകരിക്കൽ.
- ഒറിഗാമിയിൽ പല നിറത്തിലുള്ള പേപ്പർ ഉപയോഗിച്ച് പക്ഷികളെ നിർമ്മിക്കാം. ക്രയോൺ, സ്കെച്ച് പേന ഇവ ഉപയോഗിച്ച് ഭംഗിയാക്കാം.
- തെർമോക്കോൾ, ഈർക്കിൽ എന്നിവ ഉപയോഗിച്ച് പക്ഷിക്കൂട് നിർമ്മിക്കാം.
- വിവിധ പക്ഷികളെക്കുറിച്ചുള്ള കവിതകൾ ശേഖരിക്കൽ. ഈണത്തിൽ അവതരിപ്പിക്കൽ. പോർട്ട്ഫോളിയോയിലേക്ക് മാറ്റൽ.

## അനുബന്ധം

### *വേട്ടക്കാരനിൽ നിന്ന് പക്ഷിനിരീക്ഷകനിലേക്ക്*

ചെറുപ്പത്തിൽ പലപ്പോഴും ഒരു പക്ഷിവേട്ടക്കാരനായിരുന്നു സലിം അലി. കുരുവികളായിരുന്നു അദ്ദേഹത്തിന്റെ ഇരകൾ. ഉന്നം തെറ്റാതെ വെടിവയ്ക്കാനുള്ള കൗശലത്തിൽ സലീം അലിക്ക് അഭിമാനവുമുണ്ടായിരുന്നു.

ഒരു ദിവസം അമ്മാവനായ തയ്യാബ്ജിയുടെ വീട്ടിനടുത്ത് പാറിപ്പറന്ന കുരുവികളെ വെടിവച്ചിടാൻ ഇടയായി. കുരുവികളെ കയ്യിലെടുത്ത അദ്ദേഹത്തിന് അത്ഭുതമായി അതിലൊരെണ്ണത്തിന്റെ കഴുത്തിൽ ഒരു മഞ്ഞമറുക്. ഇതിനെന്തോ ഒരു പ്രത്യേകതയുണ്ട്. അലി അമ്മാവനെ സമീപിച്ചു. ഈ കുരുവിയെ നമുക്ക് പൊരിച്ചു തിന്നാൻ പറ്റുമോ എന്നായിരുന്നു ആദ്യത്തെ ചോദ്യം. അമ്മാവൻ കൈമലർത്തി. ഇത് സാധാരണ കുരുവിയല്ല, അതിനാൽ മറ്റാരോടെങ്കിലും ചോദിക്കാനായിരുന്നു അദ്ദേഹത്തിന്റെ മറുപടി. സലിംഅലി കുരുവിയെയുമെടുത്ത് പലരോടും അന്വേഷിച്ചു. ഒടുവിൽ ബോംബെ നാചറൽ ഹിസ്റ്ററി സൊസൈറ്റിയിലെത്തി. അവിടെ വച്ചാണ് തന്റെ കയ്യിലുള്ള പക്ഷി പീതകണ്ഠൻ കുരുവിയാണെന്ന തിരിച്ചറിവ് അദ്ദേഹത്തിന് ലഭിച്ചത്. ഒടുവിൽ തോക്ക് ഉപേക്ഷിച്ച് ബൈനോക്കുലറും പിടിച്ച് പക്ഷികളുടെ വൈവിധ്യം തേടി യാത്രയാരംഭിച്ചു.

### *ഞാൻ പക്ഷിനിരീക്ഷകനായതെങ്ങനെ*

ധാരാളം പക്ഷികൾ വിരുന്നിനെത്തുന്ന നൂറനാട് ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. അതുകൊണ്ടുതന്നെ ധാരാളം ജാതി പക്ഷികൾ ഞങ്ങളുടെ വീട്ടുവളപ്പിലെത്തുമായിരുന്നു. തുന്നാരൻ പക്ഷിയും തേൻകുരുവിയും തത്തയും മൈനയും കാടുമുഴക്കിയുമെല്ലാം സ്ഥിരമായി വീട്ടുവളപ്പിൽ കൂടൊരുക്കാൻ എത്തിയിരുന്ന പക്ഷികളാണ്. കണ്ടത്തിൽ വിത്തിടുന്നകാലത്തും ഞാറ് പറിച്ചുനടുമ്പോഴും നെല്ല് കൊയ്യുമ്പോഴുമെല്ലാം ധാരാളം പക്ഷികൾ അവിടെ ചുറ്റിപ്പറ്റി നടക്കുന്നത് കാണാം. വെള്ളക്കൊക്കുകളും കുളക്കൊക്കുകളുമാകും കൂടുതലായി ഉണ്ടാവുക. പുഞ്ചയിറമ്പിലെ തെങ്ങോലത്തുമ്പിൽ തൂക്കണാം കുരുവികളുടെ നിരവധി കൂടുകളും കാണാം. കൂടുനെയ്തും പാട്ടുപാടിയും കഴിയുന്ന ഈ തൂക്കണാം കുരുവികളെ എത്ര നോക്കിനിന്നാലും മതിയാവുമായിരുന്നില്ല.

പാടത്ത് കൊയ്ത്തുകഴിഞ്ഞാൽ നെല്ലുണക്കി പത്തായത്തിൽ സൂക്ഷിക്കുന്നത് അക്കാലത്ത് ഒരു പതിവായിരുന്നു. ഇടമുറ്റത്ത് നെല്ലുണക്കാനിടുമ്പോൾ അമ്മ മുഹമ്മദ് അമ്മാൾ എന്നെയാവും മിക്കപ്പോഴും കാക്കയും പ്രാവും നെല്ല് കൊണ്ടുപോകാതിരിക്കാൻ കാവലിരുത്തുക. ഇങ്ങനെ നെല്ല് തിന്നാൻ കാക്കവരുന്നോ, പ്രാവ് വരുന്നോയെന്ന് നോക്കിയിരുന്ന് ഞാനൊരു പക്ഷിനോട്ടക്കാരനായെന്ന് പറയുന്നതാവും ശരി.

എൺപതുകളിൽ നീർപക്ഷികൾ കൂട്ടമായി റോഡരുകിലുള്ള മരങ്ങളിൽ കൂടൊരുക്കാനെത്തി. വെള്ളരിപ്പക്ഷികളും നീർക്കാക്കകളും പാതിരാക്കൊക്കുകളും ചേരക്കോഴി

കളും ഇക്കൂട്ടത്തിലുണ്ടായിരുന്നു. പെരുംകൊക്കും ഇടകൊക്കും കേരളത്തിലാദ്യമായി നൂറനാട്ടാണ് കൂടൊരുക്കുന്നതായി കണ്ടെത്തിയത്. 1987 ൽ പി.കെ.ഉത്തമന്റെ ഈ കണ്ടെത്തലിന് സാക്ഷിയാവാനും എനിക്ക് കഴിഞ്ഞു. അപൂർവപക്ഷികൾ എന്റെ ഗ്രാമത്തിൽ കൂടൊരുക്കുന്നുവെന്ന വിവരം എനിക്ക് ആവേശം പകർന്നു. പക്ഷിനിരീക്ഷണത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇത് എന്നെ പ്രേരിപ്പിച്ചു.

**സി.റഹിം**

# കുട്ടികളും പക്ഷികളും

ചേട്ടനനിയന്മാർ തമ്മിൽ സംഭാഷണം നടത്തുന്ന രൂപത്തിലുള്ള ഈ കവിത പക്ഷികളുടെ ലാളിത്യം, ഓമനത്തം കുട്ടികൾക്ക് അവയോടുള്ള സ്നേഹം, കൗതുകം എന്നിവ വരച്ചു കാട്ടുന്നു. സ്വാതന്ത്ര്യമെന്നത് മനുഷ്യന് മാത്രം ലഭിക്കേണ്ട ഒന്നല്ലെന്നും അത് സകല ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്നും കുട്ടികളെ ഈ കവിത ബോധ്യപ്പെടുത്തും.

**കുട്ടികളും പക്ഷികളും എന്ന കവിതയുടെ ആദ്യഭാഗം**

അപ്പു : "കാക്ക കരഞ്ഞൂ പുളിമരത്തിൽ,
ഏല്ക്കുക നേരം പുലർന്നുവല്ലൊ.
ഉണ്ണീ, വെളിച്ചം പരക്കുന്നതും കണ്ടു
തിണ്ണയിൽ ചെന്നു നമുക്കിരിക്കാം"

ഉണ്ണി : "കാക്കയുണ്ടാ മരക്കൊമ്പിലേട്ടാ
കരയുന്ന കൂരിരുൾക്കട്ടപോലെ
ഉൾപ്രിയമില്ലെനിക്കല്പവും കാകനിൽ
പപ്പടം റാഞ്ചുന്ന കള്ളനല്ലേ?"

അപ്പു : "ഇത്തിരി കട്ടാലുമെന്തു, കാലേ
നിത്യവും നമ്മെയുണർത്തുമല്ലൊ.
ചത്തതും ചീഞ്ഞതും കൊത്തിയെടുത്തവൻ
വൃത്തിയാക്കീടുമേ ചുറ്റുപാടും.
ഇങ്ങാകെ നോക്കിലും കാണില്ലിതുപോലെ
ചങ്ങാതിക്കൂറുള്ള പക്ഷി വേറെ"

ഉണ്ണി : "ഇക്കഥ കേട്ടെനിക്കിഷ്ടമായി,
കാക്കയെ ഞാനിനി കല്ലെറിയാ.
ചൂളം വിളിക്കുന്നു, പൂപോലെ താഴോട്ടു
പാളുന്നു മറ്റൊരു പക്ഷിയേട്ടാ,
നന്നായിരുപുറം വെള്ളരേഖ."

അപ്പു : "വണ്ണാത്തിപ്പക്ഷിയാണാ മിടുക്കി,
പൂച്ചിപ്പുഴുക്കളെസാപ്പിടുമിക്കിളി
പൂച്ചെടിത്തോപ്പുകൾക്കുറ്റ തോഴി."

ഉണ്ണി : "പൂത്തോരു തെച്ചിമേൽ കൊക്കു നീണ്ടു
കൂർത്തോരു പൂങ്കിളി കൂത്തടിപ്പൂ;
കൊക്കിൻ പിറകിലാക്കുഞ്ഞിച്ചിറകുകൾ
ചക്രങ്ങൾ പോലെ കറങ്ങിനില്പൂ!"

അപ്പു : "പൂങ്കുലത്തേനുണ്ടു പൂഞ്ചിറകിൽ ,
തേങ്ങിടുമക്കിളി തേൻകുരുവി
പൂമ്പൊടി ചെമ്മേ പകർത്തി വിത്തിൻ
മേന്മ വരുത്തിത്തുണപ്പു നമ്മെ.
തെല്ലുപകരമായീ നമ്മൾക്കു ചെയ്യാതെ-
യില്ലഴകൊന്നുമീ മന്നിടത്തിൽ"

## ■ പാഠത്തിലേക്ക്

ചുവടെയുള്ള കവിത ചാർട്ടിലെഴുതി അവതരിപ്പിക്കുന്നു.

*അക്കിളിയിക്കിളിയാലോലക്കിളി-*
*യാലങ്ങാട്ടെച്ചേലേറും കിളി-*
*യോലത്തുമ്പത്തിൽ ചാഞ്ചാടും കിളി-*
*യാടിപ്പാടിപ്പാറി മറഞ്ഞത്*
*കാട്ടിനകത്തോ? കൂട്ടിനകത്തോ*
*കോട്ടേക്കാരുടെ വീട്ടിനകത്തോ?*

കുട്ടികൾ സംഘമായി പാടട്ടെ,

നമുക്ക് ചുറ്റുമുള്ള പക്ഷികളെക്കുറിച്ച് ധാരാളം പാട്ടുകളും കവിതകളും ഉണ്ട്.

'കുട്ടികളും പക്ഷികളും' രണ്ട് സഹോദരങ്ങൾ തമ്മിൽ നടത്തുന്ന സംഭാഷണമാണ് കവിത വായിക്കൂ.

പക്ഷികളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് പറയുന്നതെന്ന് കണ്ടെത്തുക.

- കുട്ടികൾക്ക് വ്യക്തിഗതമായി പാഠം വായിക്കുന്നതിന് അവസരം.

  വായനയിൽ പ്രയാസം നേരിടുന്നവരെ ടീച്ചർ സഹായിക്കുമല്ലോ.

- **കണ്ടെത്താം ചൊല്ലാം** (ടെക്സ്റ്റ് ബുക്ക്)

  കവിതവായന ആശയ ഗ്രഹണത്തോടുകൂടി നടന്നുവെന്ന് ഉറപ്പുവരുത്തുവാനും ഈ പ്രവർത്തനം ഒരു മാർഗമാണ്.

- ടീച്ചർ പറയുന്ന ആശയങ്ങളെ സൂചിപ്പിക്കുന്ന വരികൾ കണ്ടെത്തട്ടെ.

കവിതാഭാഗം വായിച്ച് അവതരിപ്പിക്കുന്നതിന് അവസരം

അപ്പു, ഉണ്ണി എന്നീ കഥാപാത്രങ്ങളായി രണ്ട് കുട്ടികൾ കവിത ചൊല്ലട്ടെ.

തുടർന്നും കവിതയിലെ ആശയങ്ങളിലൂടെ കടന്നുപോകാൻ കുട്ടികൾക്ക് അവസരം നൽകാം.

ഇതിനായി ചോദിക്കാവുന്ന ചോദ്യങ്ങൾ

- മന്ദാരച്ചില്ലയിലെ പക്ഷി ഏതായിരുന്നു?
- 'മഞ്ഞക്കിളിയെ കണ്ടാൽ' - വിശ്വാസം എന്ത്?
- അരിപ്രാവുകൾ വന്നത് എന്തിനായിരിക്കാമെന്നാണ് അപ്പു പറയുന്നത്?
- പക്ഷികളെ സംബന്ധിച്ചിടത്തോളം ജീവവായു എന്താണെന്നാണ് കുട്ടിയുടെ അഭിപ്രായം
-
-

## ■ പദങ്ങൾ കണ്ടെത്താം

നൽകിയിരിക്കുന്ന വാക്കുകൾക്ക് പകരമായി കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടെത്തി എഴുതട്ടെ. അവതരണവും കൃത്യതപ്പെടുത്തലും തുടർന്ന് നടക്കുമല്ലോ. കവിതയിൽനിന്ന് കൂടുതൽ പദങ്ങൾ കണ്ടെത്തി പദശേഖരം വിപുലപ്പെടുത്തുകയുമാവാം.

## ■ കണ്ടെത്താം എഴുതാം (ടെക്സ്റ്റ്ബുക്ക്)

| | | |
|---|---|---|
| മഞ്ഞയുടുപ്പിൽ കരിയുമായ് | – | മഞ്ഞക്കിളി |
| മെയ്യാകെ വെള്ളയായ് | – | |
| കൂരിരുട്ടിന്റെ കിടാത്തി | – | |
| കരിയിലപോൽ കലപിലകലപില | – | |

കിളികളെ വിശേഷണങ്ങൾ ചേർത്ത് പറയട്ടെ. കൂടുതൽ ഉദാഹരണങ്ങൾ നിർമ്മിക്കുക.

## ■ തത്തക്കുഞ്ഞ് ചിന്തിക്കുന്നു...

"വിട്ടയക്കുക കൂട്ടിൽനിന്നെന്നെ ഞാ -
നൊട്ടുവാനിൽ പറന്നു നടക്കട്ടെ.

ഈ വാക്കുകൾ കൂടു വിട്ട തത്തയിലെ തത്തക്കുഞ്ഞ് പറഞ്ഞിരിക്കുമോ? അല്ലെങ്കിൽ, തത്തക്കുഞ്ഞിന് ഇങ്ങിനെ തോന്നിയിരിക്കാമെന്ന സൂചന പാഠത്തിൽ നൽകുന്നുണ്ടോ?

കുട്ടികൾ സ്വന്തം അഭിപ്രായം പറയട്ടെ.

## ■ നിങ്ങളോട് പക്ഷി ഇങ്ങനെ പറഞ്ഞാൽ

ഒരു കിളി നിങ്ങളോട് ഇങ്ങനെ പറഞ്ഞാൽ എന്തു മറുപടി നൽകും?

ടീച്ചർ പ്രശ്നം അവതരിപ്പിക്കുക. ചർച്ച നടക്കുന്നു. കൂട്ടിൽനിന്നും വിട്ടയക്കാനാവശ്യപ്പെട്ട കിളിയോട് എന്തു മറുപടിയാവും പറയുക?

ഗ്രൂപ്പുകളായി പിരിയുന്നു. ഓരോ ഗ്രൂപ്പും കിളിയും കുട്ടിയും തമ്മിൽ നടക്കാൻ സാധ്യതയുള്ള സംഭാഷണം എഴുതി തയാറാക്കുക. ക്ലാസിൽ അവതരിപ്പിക്കുക. പരിഷ്കരിക്കുക. 'ഭാഷാപുസ്തക'ത്തിൽ എഴുതുക.

## ■ ചൊല്ലുകൾ, ശൈലികൾ

പക്ഷികൾ വിഷയമായി വരുന്ന ചൊല്ലുകളും ശൈലികളും മലയാളത്തിൽ ധാരാളമുണ്ട്. അവയിൽ ചിലത് ടീച്ചർ അവതരിപ്പിക്കുക. കുട്ടികൾ കൂടുതൽ കണ്ടെത്തട്ടെ.

ചൊല്ലുകളും ശൈലികളും വേർതിരിച്ച് 'ഭാഷാപുസ്തക'ത്തിൽ എഴുതട്ടെ.

*കാക്കത്തൊള്ളായിരം.*
*കാക്കക്കൂട്ടിൽ കല്ലെറിയുക.*
*കാക്ക കരയും നേരും.*
*കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്.*
*തത്തമ്മചൊല്ല്.*
*കോഴിയെ വളർത്താൻ കുറുനരിയെ ഏൽപ്പിക്കുക*
*കിളികിളിപോലെ പറയുക*

.................................

.................................

## ■ ഓലത്തുമ്പിൽ ചാഞ്ചാടും കിളി

ഏതൊക്കെ കിളികൾ ഓലത്തുമ്പത്ത് ചാഞ്ചാടാറുണ്ട്.

ഓലേഞ്ഞാലിയെക്കുറിച്ച് കേട്ടിട്ടുണ്ടോ?

എന്തായിരിക്കും അങ്ങനെ പേരുവരാൻ കാരണം?

കുട്ടികൾ ഊഹിച്ചു പറയട്ടെ.

കിളികളുടെ പേരുകൾക്ക് അവയുടെ പ്രത്യേകതകളുമായി ബന്ധമുണ്ടോ? താഴെ കൊടുത്ത പേരുകൾ കുട്ടികളുടെ ശ്രദ്ധയിൽപ്പെടുത്താം.

*മഞ്ഞക്കിളി*
*പാതിരാക്കൊക്ക്*
*തൂക്കണാംകുരുവി*
*കുളക്കൊക്ക്*
*വയൽക്കണ്ണൻ*
*നീർക്കാക്ക*
*പച്ചിലക്കിളി*
*അങ്ങാടിക്കുരുവി*
*കരിയിലക്കിളി*

പേരും കിളിയും തമ്മിലുള്ള ബന്ധം എന്തായിരിക്കും?

കുട്ടികൾ ചർച്ച ചെയ്യട്ടെ. തുടർന്ന് പാഠപുസ്തകത്തിലെ 'നമ്മുടെ പക്ഷികൾ' പൂർത്തീകരിക്കട്ടെ.

## ■ വിവരണം തയാറാക്കുക

ഏതെങ്കിലും പക്ഷിയെ നിരീക്ഷിച്ച് ലഘു വിവരണം തയാറാക്കുക.

എന്തെല്ലാം ഉൾപ്പെടുത്താം.

- പക്ഷിയുടെ പേര്, പ്രാദേശിക പേരുകൾ.
- താമസസ്ഥലം, എവിടെയാണ് കൂടുതൽ കാണുന്നത്.
- ഭക്ഷണരീതി, എന്തെല്ലാം ആഹാരം കഴിക്കുന്നു.
- തൂവലുകളുടെ സവിശേഷതകൾ, നിറം
- ശബ്ദം - പ്രത്യേകതകൾ
- മറ്റു സവിശേഷതകൾ എന്നിവ വേണം.
- ചെറിയ വാക്യങ്ങളിൽ, പക്ഷിയെക്കുറിച്ച് പെട്ടെന്ന് മനസ്സിലാക്കാൻ ഉതകുന്നതായിരിക്കണം രചന

## ■ കാവ്യഭാഷയിലേക്ക്

വേണമോ വേറെ മധുരം?

- ഈ വാക്യം കവിതയുടെ താളമുള്ളതാണ്. 'വെറെ മധുരം വേണമോ? എന്നു ചോദിക്കുന്നതിനേക്കാൾ ആസ്വാദ്യം മേൽ കൊടുത്ത വരികൾക്കുണ്ട്. താഴെ കൊടുത്ത വാക്യങ്ങൾ ശ്രദ്ധിക്കുക.

  വേണമോ വേറെയുത്തരം?

  ഇതെങ്ങനെ മാറ്റിയെഴുതാം

  ഇത്തരം വരികൾ കൂടുതൽ കണ്ടെത്തുക

## വിശേഷിപ്പിച്ചാൽ....

'കൊക്കും കാൽകളും മൈലാഞ്ചി തേച്ചപോലെ.

- അരിപ്പിറാവിനെ വർണിച്ചതാണിത്. മറ്റു കിളികളെ ഇങ്ങിനെ വിശേഷിപ്പിച്ചാലോ?

തത്ത ...............................................

കാക്ക ...............................................

കുയിൽ ...............................................

മയിൽ ...............................................

കുട്ടികൾ തയാറാക്കിയവ ക്ലാസിൽ അവതരിപ്പിക്കുക. ചർച്ച ചെയ്ത് മെച്ചപ്പെടുത്തുക.

'ഭാഷാപുസ്തക'ത്തിൽ രേഖപ്പെടുത്തുക.

## ചിത്രം കഥയാക്കിയാൽ (ടെക്സ്റ്റ്ബുക്ക്)

പാഠപുസ്തകം (പേജ് 31) – ചിത്രം പരിശോധിച്ച് ആശയം മനസ്സിലാക്കുക. ഒരു കഥയായി എഴുതുക. ഗ്രൂപ്പുകളിൽ ചർച്ച ചെയ്ത് തയാറാക്കാം.

### ഒരു കഥയിൽ.....

*ആദി മാധ്യാന്ത്യങ്ങളുള്ള ഒരു സംഭവഘടന വേണം.*
*കഥാപാത്രങ്ങളെ സംഭവവുമായി ബന്ധിപ്പിച്ചിരിക്കണം.*
*പാത്രസ്വഭാവങ്ങൾ വ്യക്തമാക്കുന്ന സംഭവങ്ങൾ വേണം.*
*ആവശ്യമെങ്കിൽ സംഭാഷണങ്ങൾ ആകാം.*

## കഥയെ കവിതയാക്കാം....

കുട്ടികൾ കഥയെഴുതി അവതരിപ്പിച്ചതിനുശേഷം ടീച്ചർ താഴെ കൊടുത്ത കവിത അവതരിപ്പിക്കുന്നു.

ചാർട്ടിലെഴുതി പ്രദർശിപ്പിക്കാം.

*കാട്ടിലൊരു കൂട്ടിലൊരു കൂട്ടുകാരൻ ചെന്നു*
*നീട്ടി നീട്ടി പാട്ടുപാടാൻ കൂട്ടുകാരി ചേർന്നൂ*
*കൂട്ടിൽനിന്നും പാട്ടു കേട്ടു വേടനൊരാൾ വന്നൂ*
*വേടനപ്പോൾ അമ്പെടുത്തു ലാക്കു നോക്കി നിന്നൂ*
*കാട്ടുമരച്ചോട്ടിലൊരു കട്ടുറുമ്പ് ചെന്നൂ*
*കട്ടുറുമ്പിൻ കുത്തുകൊണ്ടു വേടൻ വീണൂ പൊത്തോ.*

- ഈ കവിതയും കുട്ടികളെഴുതിയ കഥയും തമ്മിൽ ബന്ധമുണ്ടോ?
- ഈ കവിത തന്നെയാണോ പാഠപുസ്തകത്തിലെ ചിത്രം ?

ഒരു ആശയത്തെ വ്യത്യസ്ത വ്യവഹാരരൂപങ്ങളാക്കാം.

## ■ കുയിൽ കൂകും, കാക്ക കരയും

*കുയിൽ കൂകുന്നതുണ്ടെന്ന്*
*ചൊന്നതാരെന്റെ കൺമണീ*
*ആരും ചൊല്ലിയതല്ലാ ഞാൻ*
*ചെവിയാൽ കേട്ടതല്ലയോ?*

- ഈ വരികൾ ബോർഡിൽ/ചാർട്ടിൽ എഴുതുന്നു.

  ടീച്ചറും കുട്ടികളും ഈണത്തിൽ ചൊല്ലുന്നു.

  മറ്റു പക്ഷികളുടെ പേരുവച്ച് ഈ കവിത മാറ്റി എഴുതാമോ?

  പക്ഷികളുടെ പേരു മാറ്റുമ്പോൾ മറ്റു പദങ്ങൾക്ക് മാറ്റം വരുമോ?

കവിതാരചന ഒരു സർഗാത്മക പ്രവർത്തനമാണല്ലോ. വ്യത്യസ്തമായ അവസരങ്ങളും അനുഭവങ്ങളും ഒരുക്കി ഈ സർഗശേഷിയെ പരിപോഷിപ്പിക്കാം. അനുകരണത്തിലൂടെയുള്ള രചനകളിൽ ഏർപ്പെടാൻ കുട്ടികൾക്ക് താരതമ്യേന എളുപ്പമാണ്. ചൊല്ലലിന്റെ താളം, വാക്കുകളുടെ ആവർത്തനം എന്നിവ അനുകരിച്ചുള്ള രചനകൾ കവിതാരചനയുടെ വഴിയിലൂടെ കുട്ടികളെ നടത്തും. തുടക്കം നൽകി ബാക്കി വരികൾ കണ്ടെത്തൽ, കവിതയിലെ വിട്ടുപോയ പദങ്ങൾ കണ്ടെത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ രചനകൾക്ക് നൽകുന്നതിനൊപ്പം സ്വതന്ത്രമായി കവിത രചിക്കാനുള്ള പ്രവർത്തനങ്ങൾ ക്ലാസ്മുറികളിൽ ഒരുക്കുമല്ലോ.

## ■ പക്ഷികൾക്ക് സ്വാതന്ത്ര്യമല്ലയോ ജീവവായു...

'ബന്ധുരക്കാഞ്ചന കൂട്ടിലാണെങ്കിലും,
ബന്ധനം ബന്ധനം തന്നെ പാരിൽ'

മഹാകവി വള്ളത്തോളിന്റെ ഈ വരികൾ ടീച്ചർ ചൊല്ലുന്നു. കുട്ടികൾ ഏറ്റുപാടട്ടെ.

- ഈ വരികളിലെ അതേ ആശയം തന്നെയാണോ മുകളിലത്തെ വരികളിലുള്ളത്?

  - ചർച്ച ചെയ്യാം.

  പറന്നു കളിക്കേണ്ടുന്നവയാണ് പറവകൾ. കൂട്ടിൽ കഴിയേണ്ടവയല്ല.

- കഴിഞ്ഞപാഠത്തിലെ തത്തക്കുഞ്ഞ് മിണ്ടാതെ സങ്കടപ്പെട്ടിരുന്നത് എന്തു കാരണത്താലായിരിക്കും?

## ■ വായിക്കൂ എഴുതൂ

മഹാകവി കുമാരനാശാന്റെ 'കൊച്ചുകിളി' എന്ന കവിതയിലെ ആദ്യത്തെ എട്ടു വരികളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

*ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-*
*ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും*
*അല്ലൽ നീയറികയില്ലയോ? നിന-*
*ക്കില്ലയോ പറകെഴുത്തുപള്ളിയും?*

*കൊച്ചു ശാഖകളിലാഞ്ഞിരിപ്പതും*
*പിച്ചിയന്നപടി പാടിടുന്നതും*
*ഇച്ഛപോലുയരെ നീ പറപ്പതും*
*മെച്ചമിന്നിവയെനിക്കു കൂടുമോ?*

ഈ കൊച്ചു കവിത ടീച്ചർ ക്ലാസിൽ എഴുതി പ്രദർശിപ്പിക്കുക. ഈണത്തിൽ ചൊല്ലിക്കൊടുക്കുക.

തുടർന്ന് കുട്ടികൾ ചൊല്ലട്ടെ. ആശയവ്യക്തത വരുത്തുവാൻ ചോദ്യങ്ങളും ചർച്ചയുമാവാം

കുട്ടി കിളിയോട് പറയുന്ന കാര്യങ്ങളെന്തെല്ലാം - സ്വന്തം ഭാഷയിലെഴുതുക.

## ■ ചൊല്ലി രസിക്കാം (ടെക്സ്റ്റ്ബുക്ക്)

പക്ഷികളുമായി ബന്ധപ്പെട്ട കവിതകൾ ശേഖരിക്കുന്നതിനും താളത്തിൽ ചൊല്ലുന്നതിനും കുട്ടികൾക്ക് അവസരം നൽകണം. സമാനമായ കവിതകൾ ശേഖരിക്കുന്നതിന് കുട്ടികളെ പ്രേരിപ്പിക്കുംവിധം 'കൂട്ടരേ നോക്കുവിൻ' ഉപയോഗപ്പെടുത്തണം.

കിളി :

നിന്നൊടു കുഞ്ഞേ,
ഞാൻ മിണ്ടില്ലാ,
നീ നീട്ടും കതിർ കൊത്തില്ലാ.

പച്ചച്ചില്ലകൾതോറും പാറി-
പ്പാറിപ്പറവകൾ പാടുമ്പോൾ
കുളിരൊഴുകുന്ന കിഴക്കൻകാറ്റിൽ-
ക്കുത്തിമറിഞ്ഞു കളിക്കുമ്പോൾ,
കൂട്ടിലിരുത്തിസ്സൽക്കാരം!
കുഞ്ഞേ, വലിയൊരു ധിക്കാരം!

കൂറുണ്ടെങ്കിൽ വരൂ!
കൂടു തുറന്നു തരൂ!

കുട്ടി:

കൂട്ടിലിരുന്നു മുഷിഞ്ഞോ?
കുട്ടികളോടുമിടഞ്ഞോ?

പാവം! പുറമേ പോയാൽ നിന്നെ-
പ്പാണ്ടൻപൂച്ച പിടിക്കില്ലേ?
ആകാശത്തിലെ വേട്ടപ്പക്ഷിക-
ളയ്യോ! കൊത്തിക്കൊല്ലില്ലേ?

പൊന്നിൻതൂളികൾ
തൂകിയപോലേ
മിന്നും പച്ചച്ചിറകുകളാലേ
കൂടിന്നഴികളിലിങ്ങനെയിട്ടടി-
കൂട്ടുകിലയ്യോ! നോവില്ലേ?

കിളി :

കൂറുണ്ടെങ്കിൽ വരൂ,
കൂടു തുറന്നുതരൂ!

ആപത്തില്ലാതാക്കാൻ കൂട്ടി-
ന്നകത്തിടുന്നതു നന്നെന്നോ!
കൂട്ടിനകത്തു കുടുങ്ങുന്നതിലും
കൂറ്റനൊരാപത്തുണ്ടെന്നോ!
പാണ്ടൻപൂച്ച പിടിച്ചോട്ടേ;
പരുന്തുകൊത്തിക്കൊന്നോട്ടേ
സ്വാതന്ത്ര്യത്തിലെയാപത്തിൻ
സ്വാദറിയാനാണെൻ ദാഹം!
പറന്നു ചുറ്റണമാകാശത്തിൽ-
പ്പാടിക്കൊണ്ടെന്നെൻ മോഹം!

കൂറുണ്ടോ, കനിവുണ്ടോ?
കൂടു തുറന്നുതരൂ - കുഞ്ഞേ
കൂടു തുറന്നുതരൂ!

## ■ നിറം കൊടുക്കാം

ഇഷ്ടമുള്ള പക്ഷിയെ വരച്ച് നിറം നൽകട്ടെ.

ഈ പക്ഷിയോട് എന്തെല്ലാം കാര്യങ്ങളായിരിക്കും അവർക്ക് ചോദിക്കാനുണ്ടാവുക? പാഠപുസ്തകത്തിലെ 'എന്റെ പ്രിയപ്പെട്ട പക്ഷി' വായിക്കാൻ നിർദേശിക്കുക.

വരച്ച ചിത്രത്തിലെ പക്ഷിയോടു ചോദിക്കാനുള്ള കാര്യങ്ങൾ സ്വന്തമായി തയാറാക്കട്ടെ.

രചനയും ചിത്രവും പോർട്ട്ഫോളിയോയിലെ ഒരു ഇനമാക്കുമല്ലോ.

## ആൽബം

പത്രങ്ങൾ, മാസികകൾ തുടങ്ങിയവയിൽനിന്ന് പക്ഷികളുടെ ചിത്രങ്ങൾ ശേഖരിച്ച് അവയുടെ പേരെഴുതി ആൽബം തയാറാക്കട്ടെ. ശേഖരണത്തിന്റെ വളർച്ചയും വൈവിധ്യവും ഇടക്കാല വിലയിരുത്തലുകൾക്ക് വിധേയമാക്കണം.

## ക്ലാസ് ലൈബ്രറി

പാഠവുമായി ബന്ധപ്പെട്ട് അധ്യാപകർക്കും വിദ്യാർഥികൾക്കും ഉപയോഗപ്രദമായ പുസ്തകപ്പട്ടിക

- ചിറകുള്ള ചങ്ങാതിമാർ - വി.എം.രാജ്മോഹൻ, ഡി.സി ബുക്സ് മനു.പി.മാലിഭാഗം
- പക്ഷികൾ - ഇന്ദുചൂഡൻ, എൻ.ബി.എസ്.
- വീട്ടുവളപ്പിലെ പക്ഷികൾ - സി.റഹിം, ഡി.സി.ബുക്ക്സ്
- പക്ഷികളുടെ അത്ഭുത പ്രപഞ്ചം - ഇന്ദുചൂഡൻ, കേരള ശാസ്ത്ര സാഹിത്യ പരിഷത്
- കേരളത്തിലെ പക്ഷികൾ - ഇന്ദുചൂഡൻ, കേരള സാഹിത്യ അക്കാദമി,

കുട്ടികളെ വായനയുടെ ലോകത്തേക്ക് നയിക്കുവാൻ ക്ലാസ് തലത്തിൽ സജ്ജീകരിക്കുന്ന ലൈബ്രറികൾ ആവശ്യമാണ്. കുട്ടികളുടെ വായനാതാൽപര്യം മാത്രമല്ല, അവരുടെ സർഗാത്മകതയും സാഹിത്യാഭിരുചിയും വളർത്തുവാൻ ക്ലാസ് തലത്തിൽ ഒരുക്കുന്ന ലൈബ്രറികൾക്കാവും. കുട്ടിയുടെ മുൻകൈയോടുള്ള അന്വേഷണം, വിവരശേഖരണം, അപഗ്രഥനം, സംവാദം എന്നിവയ്ക്ക് ഇവയെ ഉപയോഗപ്പെടുത്തുമ്പോൾ ക്ലാസ്മുറിയിലെ ലൈബ്രറി പഠനത്തെ മുന്നോട്ട് നയിക്കുന്ന ചാലകശക്തിയാവും. കുട്ടികളുടെ അഭിരുചിക്കും താൽപര്യത്തിനും പറ്റിയ പുസ്തകങ്ങൾ വിവരശേഖരണത്തിനും സംശയദൂരീകരണത്തിനും വ്യവഹാര രൂപങ്ങളുടെ മാതൃകകൾ പരിചയപ്പെടുന്നതിനും സഹായമാകും. ദേശീയപാഠ്യപദ്ധതി നിർദേശമനുസരിച്ചുള്ള 'അച്ചടിസമ്പുഷ്ടമായ' പരിസരം ക്ലാസിൽ ഒരുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കാനും ക്ലാസ് ലൈബ്രറികൾക്കാവും.

മൂന്നാം ക്ലാസിലെ ലൈബ്രറിയിൽ ഒരുക്കേണ്ട സാമഗ്രികൾ എന്തെല്ലാമാവാം.

- ബാലസാഹിത്യ കൃതികൾ
- ബാലസാഹിത്യ പ്രസിദ്ധീകരണങ്ങൾ
- റഫറൻസ് പുസ്തകങ്ങൾ
- വിജ്ഞാനകോശങ്ങൾ
- നിഘണ്ടുകൾ
- നോട്ടീസ്, പോസ്റ്റർ, ചാർട്ടുകൾ
- കുട്ടികളുടെ പതിപ്പുകൾ, നിർമ്മിതികൾ
- അധ്യാപകരുടെ രചനകൾ

- പത്രങ്ങൾ
-

## ■ ക്ലാസ് ലൈബ്രറി ഒരുക്കാൻ

- സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ പരിശോധിച്ച് മൂന്നാം ക്ലാസിന് ചേർന്ന പുസ്തകങ്ങൾ കണ്ടെത്തി ക്ലാസ് ലൈബ്രറിയിൽ ഉപയോഗപ്പെടുത്തുക.
- പുതിയ പാഠ്യപദ്ധതി, പുസ്തകങ്ങൾ, അധ്യാപകസഹായി, സ്കൂളുകളിലെയും ക്ലാസിലെയും പ്രവർത്തനകലണ്ടർ എന്നിവ പരിശോധിച്ച് പുസ്തക ലിസ്റ്റ് തയാറാക്കുക. പ്രസാധകരുടെ കാറ്റലോഗുകൾ പരിശോധിച്ച് പുസ്തകശാലാ സന്ദർശനത്തിലൂടെയും ഈ ലിസ്റ്റ് മെച്ചപ്പെടുത്തുക.
- ക്ലാസ് ലൈബ്രറിയിലേക്ക് ആവശ്യമായ ബാലമാസികകൾ, പത്രങ്ങൾ എന്നിവയുടെ പട്ടികയും തയാറാക്കണം.
- സ്കൂൾ വാർഷിക പ്രവർത്തന പദ്ധതിയിൽ ഇവ ശേഖരിക്കുന്നതിന് ആവശ്യമായ പരിപാടികൾ ഉൾപ്പെടുത്തി നടപ്പാക്കുക.
- പിറന്നാൾ സമ്മാനം, പൂർവ്വ വിദ്യാർഥികളുടെ ഉപഹാരം എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെയും പുസ്തക സമാഹരണം നടത്തുമല്ലോ.

## മാനത്തിന്റെ മടിത്തട്ടിൽ

### വർക്ക് ഷീറ്റ് 1

- വിട്ടയക്കുക കൂട്ടിൽനിന്നെന്നെ ഞാ-
  നൊട്ടുവാനിൽ പറന്നു നടക്കട്ടെ.
- പാണ്ടൻ പൂച്ച പിടിച്ചോട്ടെ
  പരുന്തു കൊത്തിത്തിന്നോട്ടെ
  സ്വാതന്ത്ര്യത്തിലെയാപത്തിൻ
  സ്വാദറിയാനാണെൻ മോഹം
- സാഹസം ചെയ്യൊല്ല, പക്ഷികൾക്കു
  സ്വാതന്ത്ര്യമല്ലയോ ജീവവായു.

ഈ വരികളിൽ വിവരിക്കുന്ന ആശയമെന്ത്? ഈ ആശയത്തോട് നിങ്ങളുടെ അഭിപ്രായവും രേഖപ്പെടുത്തണം.

സമാന ആശയമുള്ള വരികൾ കണ്ടെത്തി/ സ്വന്തമായി എഴുതുക.

## മാനത്തിന്റെ മടിത്തട്ടിൽ

### വർക്ക് ഷീറ്റ് 2

കടങ്കഥകൾ

പക്ഷികളുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിച്ചെഴുതുക.

- ഞാൻ കണ്ടെത്തിയത്.

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

- കൂട്ടുകാർ ശേഖരിച്ചതിൽനിന്ന്

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

- ഞാൻ സ്വന്തമായി എഴുതിയത്.

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------

----------------------------------------------------------------